بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# osKhuthba Khulasa 06.07.18 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*06.07.18 ന് ബൈത്തുൽ ഫുത്തൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

## നബി(സ)തിരുമേനിയുടെ ആദരണീയരായ സ്വഹാബ രിള്‌വനുല്ലാഹി അലയ്ഹിമിന്റെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ മനോഹരമായ ചർച്ച

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹയും ഓതിയതിനുശേഷം അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹ് പറഞ്ഞു:

ഈയിടെയായി ബദ്രീംകളെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ചരിത്രത്തിലും നിവേദനങ്ങളിലും ചില സ്വഹാബാക്കളുടെ ജീവിതസംഭവങ്ങൾ വിശദമായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒരുപാടു സ്വഹാബക്കളെക്കുറിച്ച് ഹ്രസ്വമായ വിവരണങ്ങൾ മാത്രമാണ് ലഭിക്കുന്നത്. എന്നിരുന്നാലും, ബദ്ർ യുദ്ധത്തിൽ പങ്കെടുത്തതുകൊണ്ടുള്ള അവരുടെ സ്ഥാനമഹാത്മ്യത്തിന് മാറ്റം വരുന്നില്ല. അതുകൊണ്ട് ഏതാനും വരികളിലാണെങ്കിലും ശരി, അവരെകുറിച്ച് വിവരണമുണ്ടാകേണ്ടതാണ്. ഹ്രസ്വമായ നിലയിൽ വിവരിക്കപ്പെട്ടിരിക്കുന്ന സ്വഹാബക്കളെയാണ് ഞാൻ ഇന്ന് സ്മരിക്കുന്നത്.

സബീഅ് ബിൻ ഖയ്സ് ബിൻ അയ്ശയാണ് ഒരു സ്വഹാബി. അദ്ദേഹം ഖസ്റജ് ഗോത്രത്തിലെ അൻസ്വാരി സ്വഹാബിയായിരുന്നു. ബദ്ർ, ഉഹുദ് എന്നീ യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഖദീജ ബിൻത് ഉമർ ബിൻ സയ്ദ് എന്നായിരുന്നു. അബ്ദുല്ലാഹ് എന്നു പേരുള്ള മകൻ ഉണ്ടായിരുന്നുവെങ്കിലും കുട്ടിക്കാലത്തുതന്നെ മരണപ്പെട്ടു. ഹദ്റത്ത് അബാദ ബിൻ ഖയ്സ്, ഹദ്റത്ത് സയ്ദ് ബിൻ ഖയ്സ് എന്നിവരായിരുന്നു അദ്ദേഹത്തിന്റെ സഹോദരമാർ.

ഉനയ്സ് ബിൻ ഖത്താദ: യാണ് മറ്റൊരു സ്വാഹാബി. ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. നബി(സ) തിരുമേനിയോടൊപ്പം ബദ്ർ യുദ്ധത്തിലും അദ്ദേഹം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന് സന്താനങ്ങളുണ്ടായിരുന്നില്ല. ശഹീദാകുന്നതിനു മുമ്പേ ഖൻസാ ബിൻത് ഖുദ്ദാമിനെ നിക്കാഹ് ചെയ്തിരുന്നുവെന്ന് ഒരു നിവേദനത്തിലുണ്ട്.

ഹദ്റത്ത് മലേൽ ബിൻ ദബ്ര ഒരു സ്വഹാബിയായിരുന്നു. ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനുഅജലാനുമായിട്ടായിരുന്നു അദ്ദേഹത്തന്റെ ബന്ധം. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. സയ്ദും ഹബീബയും അദ്ദേഹത്തിന്റെ മക്കളാണ്. അവരുടെ മാതാവ് ഉമ്മു സയ്ദ് ബിൻത് നസല ബിൻ മാലിക് ആയിരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിലും മറ്റെല്ലാ യുദ്ധങ്ങളിലും പങ്കെടുത്തിരുന്നുവെന്ന് ഒരു രിവായത്തിൽ എഴുതപ്പെട്ടിരിക്കുന്നു. ഉഹുദ് യുദ്ധത്തിലാണ് അദ്ദേഹം ശഹീദായത്. അദ്ദേഹത്തിന്റെ തലമുറ മുന്നോട്ടുണ്ടായില്ല.

ഹദ്റത്ത് വദീഅ ബിൻ അംറാണ് ഒരു സ്വഹാബി. അദ്ദേഹത്തിന്റെ ബന്ധം ബനൂ ജുഹയ്നായുമായിട്ടായിരുന്നു. അവർ ബനൂ നജ്ജാറിന്റെ സഖ്യകക്ഷിയായരുന്നു. അദ്ദേഹം ബദ്ർ യുദ്ധത്തിലും ഉഹുദ് യുദ്ധത്തിലും പങ്കെടുത്തിരുന്നു. ഹദ്റത്ത് റബീഅ ബിൻ അംറ് അദ്ദേഹത്തിന്റെ സഹോദരനായിരുന്നു.

ഹദ്റത്ത് യസീദ് ബിൻ മുൻദിർ ബിൻ സർഹ് ഒരു സ്വഹാബിയായിരുന്നു. ബനൂഖസ്റജ് ഗോത്രക്കാരനായിരുന്ന അദ്ദേഹം അഖബാ ഉടമ്പടിയിൽ(ബയ്അത്തിൽ) പങ്കെടുത്തിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് യസീദ് ബിൻ മുൻദിറിന്റേയും ഹദ്റത്ത് ആമിർ ബിൻ റബീഅയുടേയുമിടയിൽ സാഹോദര്യബന്ധം സ്ഥാപിച്ചു. ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ അദ്ദേഹം പങ്കെടുത്തു. അദ്ദേഹം വഫാത്തായപ്പോൾ അദ്ദേഹത്തിന് മക്കളൊന്നുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സഹോദരൻ മാഖിർ ബിൻ മുൻദിറും ബയ്അത്തെ അഖബായിലും ബദ്ർ, ഉഹുദ് യുദ്ധങ്ങളിലും പങ്കെടുത്തിട്ടുണ്ട്.

അശ്ജഅ് ഗോത്രക്കാരനായിരുന്ന ഹദ്റത്ത് ഖാരിജ ബിൻ ഹുമയ്റാണ് മറ്റൊരു സ്വഹാബി. ബനൂ ഖസ്റജ് ഗോത്രത്തിന്റെ സഖ്യകക്ഷിയായിരുന്നു. അദ്ദേഹത്തിന്റെ സഹോദരന്റെ പേര് അബ്ദുല്ലാഹ് ബിൻ ഹുമയ്ർ എന്നാണ്. ബദ്ർ യുദ്ധത്തിൽ ഈ സഹോദരനും കൂടെ ഉണ്ടായിരുന്നു.

ഹദ്റത്ത് സുറാഖ ബിൻ അംറ് ഒരു അൻസ്വാരി സ്വഹാബിയായിരുന്നു, ഹിജ്റ എട്ടാം വർഷം ജമാദുൽ അവ്വൽ മാസത്തിൽ മുഅ്ത്താ യുദ്ധത്തിലാണ് അദ്ദേഹം വഫാത്തായത്. അത്വീല ബിൻത് ഖയ്സ് എന്നായിരുന്നു അദ്ദേഹത്തിന്റെ മാതാവിന്റെ പേര്. അൻസ്വാറുകളുടെ പ്രശസ്ത ഗോത്രമായ ബനൂ നജ്ജാറുമായിട്ടാണ് അദ്ദേഹത്തിന്റെ ബന്ധം. നബി(സ)തിരുമേനി ഹദ്റത്ത് നഹ്ജ മൗലാ അംറിനേയും ഹദ്റത്ത് സുറാഖാ ബിൻ അംറിനേയി സഹോദരങ്ങളാക്കിയിരുന്നു.

അദ്ദേഹം ബദ്ർ, ഉഹുദ്, ഖന്തക്ക്, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ പങ്കെടുത്തു. അതുപോലെത്തന്നെ ഹുദയ്ബിയ സന്ധിയിലും പ്രഥമ ഉംറയിലും നബി(സ)തിരുമേനിയോടൊപ്പം അദ്ദേഹം ഉണ്ടായിരുന്നു. ബയ്അത്തെ രിള്‌വാനിൽ പങ്കെടുക്കാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബിയാണ് ഹദ്റത്ത് സുറാഖ ബിൻ അംറ്.

ഹദ്റത്ത് ഇബാദ് ബിൻ ഖയ്സ്(റ)സ്വഹാബിയാണ്. ഹിജ്റ എട്ടാം വർഷം മുഅ്ത്താ യുദ്ധത്തിൽ ഇദ്ദേഹം വഫാത്തായി. ഹദ്റത്ത് ഇബാദ്(റ), ഹദ്റത്ത് അബൂദ്ദർദാ(റ)യുടെ പിതൃവ്യനായിരുന്നു. ഹദ്റത്ത് ഇബാദ്(റ), ബദ്ർ, ഉഹുദ്, ഖന്തക്ക്, ഖയ്ബർ എന്നീ യുദ്ധങ്ങളിൽ നബി(സ)തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. ഹുദയ്ബിയ സന്ധിയിലും അദ്ദേഹം

പങ്കെടുത്തു. മുഅ്ത്താ യുദ്ധത്തിലാണ് അദ്ദേഹം ശഹീദാകുന്നത്.

ഹദ്റത്ത് അബുസ്സയാഹ് ബിൻ ഥാബിത് ബിൻ നുഅ്മാന(റ)ഒരു സ്വഹാബിയാണ്. ഇദ്ദേഹം ഹിജ്റ ഏഴിനാണ് വഫാത്തായത്. ബദ്ർ, ഉഹുദ്, ഖന്തക്ക്, ഹുദയ്ബിയ സന്ധി എന്നിവയിൽ പങ്കെടുത്ത അദ്ദേഹം ഹിജ്റ ഏഴിന് ഖയ്ബർ യുദ്ധത്തിലാണ് ശഹീദായത്. ഒരു യഹൂദി അദ്ദേഹത്തിന്റെ തലവെട്ടി ശഹീദാക്കുകയായിരുന്നു എന്നാണ് വിവരിക്കപ്പെട്ടിരിക്കുന്നത്.

ഹദ്റത്ത് അൻസത്ത്(റ)ഒരു സ്വഹാബിയാണ്. നബി(സ) തിരുമേനി സ്വതന്ത്രനാക്കിയ അബ്സ്സീനിയൻ അടിമയായിരുന്നു അദ്ദേഹം. അൻസത്ത് എന്നായിരുന്നു പേര്; അബൂ അൻസത്ത് എന്ന പേരുള്ളതായും പറയപ്പെടുന്നു. അബൂ മസ്റൂഹ് എന്നായിരുന്നു അദ്ദേഹത്തിന്റെ ഗോത്രനാമമെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഇസ്ലാമിന്റെ ആദ്യദശയിൽത്തന്നെ ഹദ്റത്ത് അൻസത്ത്(റ) ഇസ്ലാം സ്വീകരിക്കുകയും മദീനയിലേക്ക് ഹിജ്റത്ത് പോവുകയും ചെയ്തു. ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ അതിഥിയായി. ജീവനുള്ള കാലമത്രയും നബി(സ)തിരുമേനിയെ സേവിക്കുന്നതിൽ അദ്ദേഹം വ്യാപൃതനായി. ഇരിക്കുമ്പോൾ നബി(സ)തിരുമേനിയുടെ അനുവാദത്തോടെ മാത്രമേ ഇരിക്കുമായിരുന്നുള്ളൂ. അനുസരണത്തിൽ അത്രമാത്രം നിലവാരം അദ്ദേഹം പുലർത്തിയിരുന്നു. ബദ്ർ യുദ്ധത്തിൽ അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു.

ഹദ്റത്ത് അബൂകബ്ശ സലീം ഒരു സ്വഹാബിയായിരുന്നു. ഇദ്ദേഹത്തിന്റെ ഗോത്രനാമം അബൂകബ്ശ എന്നാണ്. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. അദ്ദേഹം നബി(സ)തിരുമേനി മോചിപ്പിച്ച പേർഷ്യൻ അടിമയായിരുന്നു. ബദരീംകളിൽപ്പെട്ട സ്വഹാബിയായിരുന്നു. ഇസ്ലാമിന്റെ പ്രബോധനകാലഘട്ടത്തിലെ ആദ്യദശയിൽത്തന്നെ അദ്ദേഹം ഇസ്ലാം ആശ്ലേഷിച്ചു. ഹിജ്റത്ത് ചെയ്യാനുള്ള അനുവാദം ലഭിച്ചതിനെത്തുടർന്ന് മദീനയിൽ വന്നു. ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും അദ്ദേഹം നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിട്ടുണ്ട്. മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ അൽഹദമിന്റെ വീട്ടിലാണ് താമസിച്ചത്. ഹദ്റത്ത് സഅ്ദ് ബിൻ ഖയ്ഥമയുടെ വീട്ടിൽ താമസിച്ചുവെന്നും ഒരു നിവേദനമുണ്ട്. ഹദ്റത്ത് ഉമർ(റ) ഖലീഫയായ ആദ്യദിവസമാണ് അദ്ദേഹം വഫാത്തായത്

ഹദ്റത്ത് മർസ്വദ് ബിൻ അബീ മർസ്വദ്(റ)ഒരു സ്വഹാബിയാണ്. ഹിജ്റ 3 ന് റജീഅ് എന്ന സ്ഥലത്താണ് അദ്ദേഹം വഫാത്തായത്. ബദ്റിൽ പങ്കെടുത്ത സ്വഹാബിയായിരുന്നു. ഹദ്റത്ത് ഹംസത്തുബ്നു അബ്ദിൽ മുത്ത്വലിബിന്റെ സുഹൃത്തായിരുന്നു. തന്റെ പിതാവിനോടൊപ്പം അദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തു. ഇസ്ലാമിന്റെ ആദ്യകാലങ്ങളിൽത്തന്നെ അദ്ദേഹം ഇസ്ലാം സ്വീകരിച്ചിരുന്നു. ബദ്ർ യുദ്ധത്തിനുമുമ്പേ ഹിജ്റത്തു ചെയ്തു മദീനയിലേക്ക് വന്ന അദ്ദേഹത്തെ ഹദ്റത്ത് ഔസ് ബിൻ സ്വാമിത്തുമായിട്ടാണ് നബി (സ)തിരുമേനി സാഹോദര്യബന്ധം സ്ഥാപിച്ചത്. സബ്ൽ എന്നു പേരായ കുതിരയുമായാണ് അദ്ദേഹം ബദ്ർ യുദ്ധത്തിൽ ഹാജരായത്. റജീഅ് എന്ന സ്ഥലത്തേക്ക് നബി(സ) അയച്ച സംഘത്തിന്റെ പടത്തലവനായിരുന്നു ഹദ്റത്ത് മർസ്വദ്(റ) എന്നാണ് ഇബ്നു ഇസ്ഹാഖ് എഴുതിയിട്ടുള്ളത്. ആ സംഘത്തെ നയിച്ചത് ആസ്വിം ബിൻ ഥാബിത്താണെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്.

ഹദ്റത്ത് അബൂമർസ്വദ് ബിൻ ആസ് ബിൻ അൽഹുസയ്ൻ ഗനവി(റ)യാണ് മറ്റൊരു സ്വഹാബി. ഹിജ്റ 12 ലാണ് ഇദ്ദേഹം വഫാത്തായത്. ശാമിലായിരുന്നു താമസിച്ചിരുന്നത്. ആരംഭകാലത്തുതന്നെ അദ്ദേഹം ഇസ്ലാം സ്വീകരിക്കുകയും ഹിജ്റത്ത് ചെയ്യാൻ അനുമതി ലഭിച്ചതിനെത്തുടർന്ന് മദീനയിലേക്ക് വരികയും ചെയ്തു. അദ്ദേഹത്തെ ഹദ്റത്ത് ഉബാദ ബിൻ സ്വാമിത്തുമായാണ് നബി(സ)തിരുമേനി സാഹോദര്യത്തിലാക്കിയത്. ഹദ്റത്ത് അബൂമർസ്വദ്(റ) തന്റെ മകനോടൊപ്പം ഹിജ്റത്ത് ചെയ്തപ്പോൾ രണ്ടു പേരും ഹദ്റത്ത് കുൽഥൂം ബിൻ അൽഹദമിന്റെ അടുക്കലാണ് താമസിച്ചത്. ഹദ്റത്ത് അബൂമർസ്വദ് എല്ലാ യുദ്ധങ്ങളിലും തിരുമേനിയുടെ സഹചാരിയായിരുന്നു. ഹദ്റത്ത് അബൂമർസ്വദിന് ചരിത്രത്തിൽ മറ്റൊരു സ്ഥാനവുമുണ്ട്. മക്കാ വിജയത്തിനുമുമ്പേ ഹദ്റത്ത് ഹാത്ത്വിബ് ബിൻ അബീ ബൽത്ത ഒരു സ്ത്രീ മുഖേന മക്കക്കാർക്ക് രഹസ്യം സന്ദേശം അയച്ചപ്പോൾ ആ സന്ദേശം മക്കയിലെത്തുന്നതിനു മുമ്പേ വീണ്ടെടുക്കാൻ നബി(സ)നിയോഗിച്ച സംഘത്തിൽ ഹദ്റത്ത് അബൂമർസ്വയും ഉണ്ടായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയിൽ നിന്ന് ഒരു ഹദീഥും നിവേദനം ചെയ്തിട്ടുണ്ട്. ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്ത് ഹിജ്റ 12 ന് 66-ാമത്തെ വയസ്സിലാണ് അദ്ദേഹം വഫാത്തായത്.

ഹദ്റത്ത് സലീത്വ് ബിൻ ഖയ്സ് ബിൻ അംറ്(റ)ഒരു സ്വഹാബിയാണ്. ഹിജ്റ 14 ന് ആണ് അദ്ദേഹം വഫാത്തായത്. ഹദ്റത്ത് സലീത്വ് ബിൻ ഖയ്സും ഹദ്റത്ത് അബൂ സൽമായും ഇസ്ലാം സ്വീകരിച്ചതിനു ശേഷം ബനൂഔദി കുടുംബത്തിലെ അദിയ്യ് ബിൻ നജ്ജാറിന്റെ വിഗ്രഹം തകർത്തു. ഹിജ്റത്തു ചെയ്ത് നബി(സ)തിരുമേനി മദീനയിൽ ബനൂ അദിയ്യുടെ വീടിനടുത്തെത്തിയപ്പോൾ ഹദ്റത്ത് സലീത്വ് ബിൻ ഖയ്സ് അബൂസലീത്വും അസീറ ബിൻ അബൂ ഖാരിജയും(റ:മാ) ചേർന്ന് ഒട്ടകത്തെ തടഞ്ഞു നിറുത്താൻ തുടങ്ങി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'എന്റെ ഒട്ടകത്തെ വിട്ടേക്കുക; അതിന് കല്പന നല്കപ്പെട്ടിരിക്കുന്നു. ദൈവം ഇച്ഛരിക്കുന്നിടത്ത് അത് സ്വയം ചെന്നിരിക്കുന്നതായിരിക്കും.' ബദ്ർ ഉൾപ്പെടെ എല്ലാ യുദ്ധങ്ങളിലും ഹദ്റത്ത് സലീത്വ്(റ), നബി(സ)യുടെ കൂടെ ഉണ്ടായിരുന്നു. ഹിജ്റ 14ന് ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് 'ജസ്റാ അബീഉബയ്ദ്' യുദ്ധത്തിലാണ് അദ്ദേഹം ശഹീദാകുന്നത്.

ഹദ്റത്ത് മജ്ദർ ബിൻ സിയാദ്(റ)ഒരു സ്വഹാബിയാണ്. ഉഹുദ് യുദ്ധത്തിലാണ് ഇദ്ദേഹം ശഹീദാകുന്നത്. മജ്ദർ എന്നത് അദ്ദേഹത്തിന്റെ സ്ഥാനപ്പേരായിരുന്നു. തടിച്ച ശരീരമുള്ളവൻ എന്നാണതിനർത്ഥം. നബി(സ)തിരുമേനി ഹദ്റത്ത് മജ്ദറിനേയും ഹദ്റത്ത് ആഖിൽ ബിൻ ബകീറിനേയും സഹോദരങ്ങളാക്കി. ഹദ്റത്ത് മജ്ദർ ബദ്ർ യുദ്ധത്തിലും

ഉഹുദ് യുദ്ധത്തിലും പങ്കെടുത്തു. ഇബ്നു ഇസ്ഹാഖ് വിവരിക്കുന്നു, നബി(സ) അബൂബഖ്തരിയെ കൊല്ലുന്നത് വിലക്കുകയുണ്ടായി. എന്തെന്നാൽ, നബി(സ)തിരുമേനിയെ ജനങ്ങൾ ഉപദ്രവിക്കുമ്പോൾ അയാൾ തടയുമായിരുന്നു. അതുകൊണ്ട് അയാളെ കൊല്ലരുതെന്ന് നബി(സ) തിരുമേനി പറഞ്ഞു. അയാൾ സ്വയം നബി(സ)യെ ഉപദ്രവിച്ചിരുന്നില്ല. ഖുറയ്ശികൾ ബനൂഹാശിം, ബനീമുത്ത്വലിബ് കുടുംബങ്ങൾക്കെതിരിരിൽ ഉണ്ടാക്കിയ കരാറിനെ എതിർത്ത വ്യക്തിയായിരുന്നു അദ്ദേഹം. ഹദ്റത്ത് അബൂമജ്ദർ(റ), അബൂബഖ്തരിയെ കണ്ടു പറഞ്ഞു: 'താങ്കളെ കൊല്ലുന്നതിൽനിന്ന് നബി(സ)തിരുമേനി ഞങ്ങളെ തടഞ്ഞിരിക്കുന്നു.' അബൂബഖ്തരിയുടെ കൂടെ അദ്ദേഹത്തിന്റെ കൂട്ടുകാരനുമുണ്ടായിരുന്നു. അബൂബഖ്തരി പറഞ്ഞു: 'എന്റെ കൂട്ടുകാരനെ സ്സംബന്ധിച്ച കല്പന എന്താണ്? ഹദ്റത്ത് മജ്ദർ(റ) പറഞ്ഞു: 'അല്ലാഹുവാണ, ഞങ്ങൾ നിന്റെ കൂട്ടുകാരനെ വിടില്ല. നിങ്ങളെ കുറിച്ചുമാത്രമാണ് ഞങ്ങൾക്ക് നബി(സ)യുടെ കല്പനയുള്ളത്.' അയാൾ പറഞ്ഞു: 'മരിക്കുകയാണെങ്കിൽ ഞങ്ങൾ ഒരുമിച്ചായിരിക്കും. സ്വന്തം ജീവനുവേണ്ടി കൂട്ടുകാരെ കൈവിട്ടുവെന്ന് മക്കയിലെ സ്ത്രീകൾ പറഞ്ഞു നടക്കുന്നത് കേൾക്കാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല.' അങ്ങനെ അവർ രണ്ടു പേരും യുദ്ധത്തിനു തയ്യാറായി. മജ്ദർ അയാളെ കൊലപ്പെടുത്തി. ഹദ്റത്ത് മജ്ദറിന്റെ സന്താനങ്ങൾ മദീനയിലും ബാഗ്ദാദിലും ഉണ്ടായിരുന്നു. അബീ വാഅളിൽ നിന്ന് നിവേദനം: 'മജ്ദർ ബിൻ സിയാദ്, നുഅ്മാൻ ബിൻ മാലിക്, അബ്ദാ ബിൻ ഹസ്സാസ് എന്നിവരാണ് ഒരേയൊരു ഖബറിൽ മറയടക്കപ്പെട്ട ഉഹുദിലെ മൂന്നു ശഹീദുമാർ.

ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ ബിൻ ജമൂഹ് (റ)ഒരു സ്വഹാബിയായിരുന്നു. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്തായത്. ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങി എല്ലാ യുദ്ധങ്ങളിലും അദ്ദേഹം തിരുമേനിയെ അനുഗമിച്ചിരുന്നു. ഉഹുദു യുദ്ധത്തിൽ സ്ഥിരചിത്തനായിക്കൊണ്ട് തിരുമേനിയോടൊപ്പം നിന്നു. ബദ്ർ യുദ്ധത്തിൽ ഇസ്‌ലാമിക സൈന്യം തമ്പടിച്ചിരുന്ന സ്ഥലത്തെക്കുറിച്ച് ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ(റ), നബി(സ) തിരുമേനിയോടു ചോദിച്ചു: 'ഈ സ്ഥലം അങ്ങു തിരഞ്ഞെടുത്തത് ദിവ്യവെളിപാടിന്റെ അടിസ്ഥാനത്തിലാണോ അതോ സൈനിക നീക്കം എന്ന നിലയിലാണോ?' നബി(സ)തിരുമേനി പറഞ്ഞു: 'ഇതുസംബന്ധമായി ദൈവികമായ കല്പനയില്ല. അഭിപ്രായം വല്ലതുമുണ്ടെങ്കിൽ പറയാം.' ഹബ്ബാബ്(റ) പറഞ്ഞു: 'എങ്കിൽ ഈ സ്ഥലം നല്ലതല്ല എന്നാണെന്റെ അഭിപ്രായം. ഖുറയ്ശികളുടെ ഏറ്റവും അടുത്തുള്ള അരുവി പിടിച്ചെടുക്കുന്നതായിരിക്കും നല്ലത്. എനിക്ക് ആ അരുവിയെക്കുറിച്ച് അറിയാം; വേണ്ടത്ര നല്ല തെളിഞ്ഞ വെള്ളം അതിലുണ്ട്.' നബി(സ)തിരുമേനിക്ക് അദ്ദേഹത്തിന്റെ ഈ നിർദേശം ഇഷ്ടപ്പെട്ടു. ഖുറയ്ശികൾ കുന്നിന്റെ അപ്പുറത്താണ് തമ്പടിച്ചിരുന്നത്. അതുകൊണ്ട് ആ അരുവിയിൽ ആരുമുണ്ടായിരുന്നില്ല. മുസ്‌ലിംകൾ മുന്നേറ്റം നടത്തി അതു പിടിച്ചെടുത്തു.

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ:മാ) വിവരിക്കുന്നു; ഹദ്റത്ത് ജിബ്‌രീൽ(അ), നബി(സ)തിരുമേനിക്ക് ഇറങ്ങിക്കൊണ്ട് ഹദ്റത്ത് ഹബ്ബാബിന്റെ അഭിപ്രായം ശരിയാണെന്ന് അറിയിക്കുകയുണ്ടായി. നബി(സ) പറഞ്ഞു: 'ഹബ്ബാബേ! താങ്കൾ വളരെ യുക്തിസഹമായ അഭിപ്രായമാണ് നല്കിയത്.' ബദ്ർ യുദ്ധത്തിൽ ഖസ്റജ് ഗോത്രത്തിന്റെ പതാക ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദറിന്റെ കൈയിലായിരുന്നു. ബദ്ർ യുദ്ധത്തിൽ പങ്കെടുക്കുമ്പോൾ അദ്ദേഹത്തിന് 33 വയസ്സായിരുന്നു.

നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ നീക്കങ്ങളെക്കുറിച്ചുള്ള രഹസ്യവിവരം ലഭിച്ചപ്പോൾ ശത്രുക്കളുടെ എണ്ണവും ശക്തിയും അറിയുന്നതിന് ഹബ്ബാബ് ബിൻ മുൻദിറിനെയാണ് അയച്ചത്. ഹബ്ബാബ് വളരെ രഹസ്യമായി പോവുകയും അതീവ സാമർഥ്യത്തോടെ കാര്യങ്ങൾ മനസ്സിലാക്കി തിരുമേനിയെ അറിയിക്കുകയും ചെയ്തു. നബി(സ)തിരുമേനി 'ഖുറയ്ള' ദിനത്തിലും 'അന്നളീർ' ദിനത്തിലും അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചാണ് പ്രവർത്തിച്ചത്. ഹദ്റത്ത് ഉമറി(റ)ന്റെ ഖിലാഫത്ത് കാലത്താണ് അദ്ദേഹം വഫാത്താകുന്നത്. ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിറിൽ നിന്ന് നിവേദനം: ഹദ്റത്ത് ജിബ്‌രീൽ(അ), നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു പറഞ്ഞു: 'രണ്ടു കാര്യങ്ങളിൽ ഏതാണ് അങ്ങേയക്ക് കൂടുതൽ ഇഷ്ടം. ഭൂമിയിൽ സ്വഹാബാക്കളോടൊപ്പം കഴിയാനാണോ അതോ ദൈവ വാഗ്ദാന പ്രകാരം സ്വർഗത്തിലെ സുഖാനുഭൂതിയോടുകൂടി തന്റെ നാഥനിലേക്ക് മടങ്ങനാണോ?' നബി(സ)തിരുമേനി സഹാബാക്കളോട് ചോദിച്ചു: 'പറയൂ, നിങ്ങളുടെ അഭിപ്രായമെന്താണ്?' സഹാബാക്കൾ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, അങ്ങു ഞങ്ങളോടൊപ്പം കഴിയുന്നതാണ് ഞങ്ങൾ ഏറെ ഇഷ്ടപ്പെടുന്നത്.' നബി(സ)ഹബ്ബാബ് ബിൻ മുൻദിറിനെ നോക്കിക്കൊണ്ട് പറഞ്ഞു: 'നിനക്ക് എന്തുപറ്റി, ഒന്നും പറയുന്നില്ലല്ലോ?' അദ്ദേഹം പറയുന്നു: 'ഞാൻ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, അങ്ങയുടെ നാഥൻ അങ്ങേയ്ക്കുവേണ്ടി ഇഷ്ടപ്പെടുന്നത് അങ്ങ് അവലംബിച്ചാലും!' അങ്ങനെ ഞാൻ പറഞ്ഞത് നബി(സ)തിരുമേനിക്ക് ഇഷ്ടപ്പെട്ടു.

ഹദ്റത്ത് റഫാ ബിൻ റാഫിഅ് ബിൻ മാലിക്ക് ബിൻ അജ്‌ലാൻ(റ)ഒരു സ്വഹാബിയാണ്. ഇദ്ദേഹം അൻസ്വാരിയായിരുന്നു. ഹദ്റത്ത് അമീർ മുആവിയ അമീർ ആയതിന്റെ ആദ്യ ദിനങ്ങളിലാണ് ഇദ്ദേഹം വഫാത്തായത്. എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാരായ ഖല്ലാദ് ബിൻ റാഫിഉം മാലിക് ബിൻ റാഫിഉം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. ഹദ്റത്ത് മുആദ്(റ)തന്റെ പിതാവ് റഫാഅ് ബിൻ റാഫിയിൽ നിന്ന്, 'ഇദ്ദേഹത്തിന്റെ പിതാവ് ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത ആളിരുന്നു'എന്ന് രിവായത്ത് ചെയ്തിട്ടുണ്ട്.' അദ്ദേഹം പറഞ്ഞു: ജിബ്‌രീൽ (അ), നബി(സ) തിരുമേനിയുടെ അടുക്കൽ വന്നു ചോദിച്ചു, 'അങ്ങു ബദ്റിലെ സ്വഹാബാക്കൾക്ക് എന്തു സ്ഥാനമാണ് നല്കുന്നത്?' അവിടന്ന് പറഞ്ഞു: 'ശ്രേഷ്ഠരായ മുസ്‌ലീംകൾ.'ഹദ്റത്ത് ജിബ്‌രീൽ(അ) പറഞ്ഞു: 'ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത മലക്കുകളും ശ്രേഷ്ഠരാണ്.'

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അമ്മാറുബ്നു യാസിറിനെ

കലാപകാരികൾ കൊല്ലുമെന്ന് നബി(സ)പറഞ്ഞതായി ഹദ്റത്ത് അംറ് ബിൻ ആസ് കേട്ടിരുന്നു' എന്നതിനെ കൂടുതൽ വിശദമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഹദ്റത്ത് അമീർ മുആവിയയുടെ സൈന്യമാണ് ഹദ്റത്ത് അമ്മാറിനെ ശഹീദാക്കിയത്. ഇവർ കലാപകാരികളായ ഗ്രൂപ്പ് ആയിരുന്നുവെങ്കിൽ ഇവരുടെ പേരുകൾ ബഹുമാനപുരസ്സരം പറയുന്നത് എന്തിനാണെന്നും ഹദ്റത്ത് അമീർ മുആവിയക്കും ജമാഅത്തിന്റെ സാഹിത്യങ്ങളിൽ സവിശേഷ സ്ഥാനമുണ്ടല്ലോ എന്നും ചിലർ ചോദിക്കാറുണ്ട്. ഒന്നാമതായി, സ്വഹാബാക്കളുടെ സ്ഥാനത്തെക്കുറിച്ച് അവർ പൊറുക്കപ്പെടുമോ ഇല്ലയോ എന്നു പറയാൻ നമുക്ക് അധികാരമില്ല. ഒരു രിവായത്ത് ഇങ്ങനെയാണ്: അബൂ ളുഹായിൽ നിന്ന് നിവേദനം: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദിന്റെ ശ്രേഷ്ഠ ശിഷ്യന്മാരിൽപ്പെട്ട അംറ് ബിൻ ശർഹബീൽ അബൂ മയ്സ്റ ഒരു സ്വപനം കണ്ടു. ഹരിതാഭമായ ഒരു തോട്ടത്തിൽ ഏതാനും കൂടാരങ്ങൾ സ്ഥാപിച്ചിരിക്കുന്നു. അതിൽ അമ്മാർ ബിൻ യാസിറും മറ്റു കൂടാരങ്ങളിൽ ദുൽ ഖലായും ആണ് ഉണ്ടായിരുന്നത്. ഇതെന്തു പറ്റി, ഇവർ പരസ്പരം പൊരുതിക്കൊണ്ടിരുന്നവരാണല്ലോ എന്ന് അബു മയ്സ്റ ചോദിച്ചപ്പോൾ ഇവർ ദൈവത്തെ അങ്ങേയറ്റം പൊറുത്തു കൊടുക്കുന്നവനായി കണ്ടുവെന്നും അതുകൊണ്ടാണ് അവർ ഒരുമിക്കപ്പെട്ടതെന്നുമാണ് മറുപടി ലഭിച്ചത്. ഈ സംഗതികളൊക്കെ അല്ലാഹുവിന്റെ പക്കലാണ്. ഈ കാര്യങ്ങൾക്കും അഭിപ്രായ വ്യത്യാസങ്ങൾക്കും മനസ്സിലിടം കൊടുക്കാൻ പാടില്ല. ഇക്കാരണം കൊണ്ടാണ് മുസ്‌ലിംകളിൽ ഭിന്നിപ്പ് ഉണ്ടായിക്കൊണ്ടിരുന്നത്. അതിന്റെ ഫലം നമ്മൾ ഇന്നും കണ്ടു വരുന്നു. ഇതു നമുക്കൊരു പാഠമാണ്. ഈ കാര്യങ്ങൾക്ക് മനസ്സിലിടം കൊടുക്കുന്നതിനു പകരം ഐക്യത്തിൽ നില കൊള്ളുകയാണ് വേണ്ടത്. നാം എപ്പോഴും ഒന്നായിരിക്കുകയും ഐക്യത്തിൽ വർത്തിക്കുകയും നന്മയിൽ മുന്നേറുകയും ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 06.07.18
Malayalam Translation : **Moulvi Arif Mohammad,** For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516